കേരള സർക്കാർ

നമ്പർ : LSGD/JD/MPM/4813/2024-H2

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838

തീയ്യതി: 28-02-2025

**12/02 /2025 തിയ്യതിയിൽ രാവിലെ 2.30 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയ്ൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ഓൺലൈനായി നടന്ന ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി- 0 3 ന്റെ ഹാജരും യോഗ തീരുമാനങ്ങളും താഴെ ചേർക്കുന്നു.**

**ഹാജർ**

1. ശ്രീ. ഖാലിദ് പി. കെ

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി.

2. ശ്രീമതി. സജ്ന, അസിസ്റ്റന്റ് ടൌൺ പ്ലാനർ, മലപ്പുറം

3 . ശ്രീ. അസീന ചെറുപള്ളിക്കൽ, സെക്രട്ടറി, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

4.ശ്രീ.അരുൺ, ജൂനിയർ സൂപ്രണ്ട്, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

5.ശ്രീ.ഫക്റ്റുദ്ധീൻ അലീ അഹമ്മദ് , സെക്രട്ടറി അഹ്ലു സുന്ന ചാരിറ്റബിൾ ട്രസ്റ്റ്, കരുവാരകുണ്ട്

6.ശ്രീ.അബൂബക്കർ സിദ്ദീഖ്, കരുവരാകുണ്ട്

**അജണ്ട:**

1. കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത്

**ഡോക്കറ്റ് നമ്പർ- BPMPM30906000012 ശ്രീ.ഫക്റ്റുദ്ധീൻ അലീ അഹമ്മദ്, സെക്രട്ടറി അഹ് ലുസുന്ന ചാരിറ്റബിൾ ട്രസ്റ്റ്, കരുവാരകുണ്ട് എന്നവരുടെ പരാതി.**

**മുൻകൂർ അനുമതി എടുക്കാതെ നിർമിച്ച മസ്ജിദ് ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചത് -സംബന്ധിച്ച്**

യോഗത്തിൽ ശ്രീ. ഫക്റ്റുദ്ധീൻ അലീ അഹമ്മദ്, സെക്രട്ടറി, അഹ്ലു സുന്ന ചാരിറ്റബിൾ ട്രസ്റ്റ് എന്നവർ ഹാജരായി.

ശ്രീ. ഫക്റ്റുദ്ധീൻ അലീ അഹമ്മദ് എന്നവരുടെ സ്വന്തം പേരിൽ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ പതിനഞ്ചാം വാർഡ് ചിറക്കൽകുണ്ട് എന്ന സ്ഥലത്ത് 65.72 ച.മി വിസ്തീർണത്തിൽ പള്ളി ആവശ്യത്തിനുള്ള കെട്ടിടം നിർമിക്കുകയും നിർമാണം പൂർത്തിയായപ്പോൾ കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിനും കെട്ടിട നമ്പർ ലഭിക്കുന്നതിനും വേണ്ടി പഞ്ചായത്തില് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ വ്യക്തിയുടെ പേരിൽ പള്ളിനിർമാണത്തിന് അനുമതിലഭിക്കില്ലന്ന് മലപ്പുറം പോലീസ് സൂപ്രണ്ട് കാര്യാലയത്തിലേക്ക് പള്ളി നിർമാണത്തിനുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ വ്യക്തമായെന്നും ആയതിനാൽ പള്ളി നിർമിക്കുന്ന ഭൂമി അഹ് ലുസ്സുന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലേക്ക് മാറ്റിയ ശേഷം വീണ്ടും പഞ്ചായത്തിൽ സമർപ്പിച്ചെങ്കിലും കെട്ടിടം ക്രമവത്കരിച്ച് നല്കിയില്ലാ എന്നും പിന്നീട് 20/12/2024 തിയ്യതിയിലെ നിലമ്പൂർ താലൂക്ക് കരുതലും കൈതാങ്ങും അദാലത്തിലേക്ക് പരാതി സമർപ്പിച്ചിരുന്നെന്നും പരാതിക്കാരൻ പറഞ്ഞു.

ടിയാളുടെ അപേക്ഷ, പള്ളിക്കായി നിർമിച്ച കെട്ടിടം ക്രമവത്കരിക്കുന്നതിന് വേണ്ടിയുള്ളതാണെന്നും അപേക്ഷയിൽ അന്വേഷണം നടത്തിയ ഓവർസിയർ നിർമാണം കെ.പി.ബി.ആർ 2019 പാലിക്കുന്നുണ്ടെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും ആരാധനാലയങ്ങളുടെ നിർമാണത്തിനും പുതുക്കി പണിയുന്നതിനും ബഹു.ജില്ലാകളക്ടറുടെ അനുമതി ആവശ്യമില്ലാ എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മതിയെന്നും ബഹു. മലപ്പുറം ജില്ലാ കളക്ടറുടെ 27/05/2022 തിയ്യതിയിലെ DCMPM/414/2022/E3 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ടെന്നും എന്നാൽ ബഹു. ഹൈക്കോടതിയുടെ 20.05.2024ലെ WP(C)11776/2021 , 26/08/2022 ലെ WP(C)792/2022 എന്നീ വിധിന്യാത്തിൽ ഇത്തരത്തിലുള്ള അപേക്ഷയിൽ 14/02/2021-ലെ ജി.ഒ(പി) നം.19/2021/ഹോം ഉത്തരവ് നിലനിൽക്കുന്നതാണെന്നും മനസ്സിലാക്കി അപേക്ഷകനെ മേൽ വിവരങ്ങൾ അറിയിക്കുകയും ആയത് സംബന്ധിച്ച സ്പഷ്ടീകരണത്തിന് ബഹു. ജോയ്ന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് 31/12/2024 തിയ്യതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവര് അറിയിച്ച്.

പെർമിറ്റ് എടുക്കാതെ നിർമിച്ച പള്ളിയുടെ ക്രമവത്കരണം സംബന്ധിച്ച്

സ്പഷ്ടീകരണത്തിനായി കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31/12/2024 തിയ്യതിയിൽ ഉചിത മാർഗേനെ ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ഈ വിഷയത്തിൽ സ്പഷ്ടീകരണം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി കൈകൊള്ളണമെന്ന് സെക്രട്ടറിയോട് നിർദേശിച്ച് തീരുമാനിച്ചു. തീരുമാനം പരാതിക്കാരും അംഗീകരിച്ചു.

**2.ഡോക്കറ്റ് നമ്പർ- BPMPM30906000013 ശ്രീ. അബൂബക്കർ സിദ്ദീഖ്, കൊളക്കാടൻ ഹൌസ്, കരുവാരകുണ്ട് എന്നവരുടെ പരാതി.**

അപേക്ഷകൻ നിർമ്മിച്ചുവരുന്ന വാണിജ്യ കെട്ടിടത്തിനു A1 -2814/17-18 (77) dt: 04/08/2017 തിയ്യതിയിൽ പെർമ്മിറ്റ് ലഭിച്ചിരുന്നു എന്നും ഗ്രൌണ്ട് ഫ്ലോർ+ 1 st floor + lift room stair room എന്നിങ്ങനെ 2 നിലകൾക്കും കോണിക്കൂട് ലിഫ്റ്റ് റൂം മൊത്തം 881.12 m2 നിർമ്മാണത്തിനാണ് അനുമതി ലഭിച്ചത് ആയത് പ്രകാരം പ്രവർത്തി തുടങ്ങി കൊണ്ടിരിക്കുന്ന സമയത്ത് covid 19 (കൊറോണ ) വന്നു ലോക്ക് ഡൌൺ ആയി എല്ലാ നിർമ്മാണ പ്രവർത്തികളും നിർത്തിവെക്കേണ്ടതായി വന്നു. ഈ ലോക്ക് ഡൌൺ കാലമായതിനാൽ പെർമ്മിറ്റ് പുതുക്കുന്നതിനും പ്ലാനിൽ എന്തെങ്കിലും കൂട്ടിചേർക്കലുകൾ മറ്റു മാറ്റങ്ങൾക്ക് അനുസരിച്ച് പെർമ്മിറ്റ് മാറ്റുന്നതിനും അവസരം ലഭിച്ചില്ല എന്നും, 400848/BARE01/GPO/2022/144 ഫയൽ തീയതി 13-04-2022 തിയ്യതിയിൽ പെർമ്മിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയതിനുള്ള മറുപടി 23/08/2022 ന ലഭിച്ചത് പ്രകാരം അധികമായി കൂട്ടിചേർക്കലുകൾ കൂടി ഉൾപ്പെട്ട പ്ലാനുകൾ സമർപ്പിച്ചാലേ പെർമ്മിറ്റ് പുതുക്കി അനുവദിക്കു എന്ന് പഞ്ചായത്തിൽ നിന്ന് കത്ത് ലഭിച്ചത് പ്രകാരം പ്ലാൻ പുതുക്കി സമർപ്പിക്കുകയും ആവിശ്യാമായ പാർക്കിംഗിന് വേണ്ടി പിന്നിലുള്ള സ്ഥലം വാങ്ങുകയും കൂട്ടാതെ കെട്ടിടം 1000 SQM മുകളിൽ ആയതിനാൽ അഗ്നിശമന വിഭാഗത്തിൽനിന്നും N O C എന്നിവ നേടുകയും ആയത് പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നന്നും ഫയർ N O C ലഭിക്കാൻ കാലതാമസം വന്നതിനാലും ആയതിനുള്ള തുക കയ്യിൽ ഇല്ലാത്തതിനാലും ഫയൽ പുനർ സമർപ്പിക്കാൻ വൈകിയിട്ടുണ്ട് എന്നിരുന്നാലും ഫയൽ 04/11/2024 പുനർ സമർപ്പിച്ചു. എന്നാൽ പഞ്ചായത്തിൽ അന്വേഷിച്ചപ്പോൾ കെട്ടിടനിർമ്മാണം പെർമ്മിറ്റ് പ്രകാരമുള്ള വിസ്തീർണ്ണത്തിൽ കൂടുതൽ നിർമ്മിച്ചതുകൊണ്ടു മുഴുവൻ നിർമ്മാണ വിസ്തീർണ്ണവും പുതിയ നിരക്കിൽ നിയമ വിധേയം ആക്കേണ്ടതുണ്ടെന്ന് അറിയിക്കുകയും മേല് അറിയിപ്പിൽ കെട്ടിടം REGULARIZATION അല്ലെങ്കിൽ

REVISED PERMIT ന്റ അപേക്ഷിക്കണം എന്നും 23/08/2022 തിയ്യതിയിലെ കത്തിൽ തന്നെ മേൽ വിവരങ്ങൾ അറിയുകയായിരുന്നെങ്കിൽ അന്ന് തന്നെ അധിക നിർമ്മാണത്തിന് പെർമ്മിറ്റിന് അപേക്ഷ സമർപ്പിക്കുമായിരുന്നും പരാതിക്കാരൻ അറിയിച്ചു. പെർമ്മിറ്റ് ഫീസ് പുതുക്കുന്നതുന്ന മുമ്പുള്ള അപേക്ഷ (10/04/2023) ആയതിനാൽ പഴയനിരക്കിൽ വരുന്ന ഏതു തരത്തിലുള്ള തുകയും അടക്കുവാൻ തയ്യാറാണെന്നും കക്ഷി അറിയിച്ചു.

04/08/2017 തിയ്യതിയില് അനുവദിച്ച A1 -2814/17-18 (77) നമ്പർ പെർമിറ്റ് പ്രകാരം അപേക്ഷകന് 881.12 m2 നിർമാണാനുമതിയാണ് നല്കിയിരുന്നു. എന്നാൽ പെർമിറ്റ് പുതുക്കേണ്ട കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചില്ല എന്നും ടിയാൾ അപേക്ഷ സമർപ്പിച്ചത് 13-04-2022 തിയ്യതിയിലാണ്. ആയത് പ്രകാരം ഫീൽഡ് സന്ദർശിച്ച ഓവർസിയർ കെട്ടിടത്തിൽ പെർമിറ്റ് നൽകിയതിൽ കൂടുതൽ നിർമാണം നടത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും മേൽ വിവരം കാണിച്ച് അപേക്ഷകന് 23/08/2022 തിയ്യതിയിൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ അപേക്ഷകൻ, 25/10/2024 തിയ്യതിയിലാണ് Proposed പ്ലാൻ എന്ന രീതിയിൽ രേഖ സമർപ്പിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ പരിശോധന നടത്തുകയും കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ട് എന്ന് റിപ്പോർട്ട് നല്കുകയും ചെയ്തു. പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമാണമായതിനാൽ കെട്ടിടം ക്രമവത്കരിക്കേണ്ടതാണെന്നും മേൽ വിവരം അപേക്ഷകനെ വാക്കാൽ അറിയിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി അറിയിച്ചു.

4-8-2017 തിയ്യതി അനുവദിച്ച A1-2814/17-18 (77) നമ്പർ പെർമിറ്റ് കാലാവധിക്കുള്ളിൽ പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും അനുവദിച്ച പെർമിറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതിനാലും പെർമിറ്റ് അസാധുവായിട്ടുള്ളതാണ്. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമാണമായതിനാലും അധിക നിർമ്മാണം നടത്തിയതിനാലും കെട്ടിടം ക്രമവത്കരിക്കേണ്ടതാണെന്ന് അദാലത്ത് സമിതി വിലയിരുത്തി. നിലവിലെ നിർമ്മാണ സ്ഥിതിക്ക് അനുസൃതമായി ക്രമവൽക്കരണ അപേക്ഷയും പ്ലാനുകളും സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നല്കേണ്ടതാണെന്നും സെക്രട്ടറിയോട് നിർദേശിച്ച് തീരുമാനിച്ചു. ടി അപേക്ഷ ലഭിക്കുന്ന മുറക്ക് സെക്രട്ടറി കെട്ടിടം നിയമാനുസൃതം ക്രമവൽക്കരിച്ച് നൽകേണ്ടതാണ്.

(ഒപ്പ്)

ഉപജില്ലാ അദാലത്ത് സമിതിക്ക് വേണ്ടി,

1.ഖാലിദ് പി കെ ഇന്റേണൽ വിജിലൻസ് ഓഫീസർ (കൺവീനർ)

2. സജ്ന, അസിസ്റ്റന്റ് ടൌൺ പ്ലാനർ , മലപ്പുറം (അംഗം)

പകർപ്പ് :

1. സെക്രട്ടറി, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത്

2. അനിൽകുമാർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത് (അംഗം)

**Signed by Khalid P K**
**Date: 28-02-2025 14:11:36**